**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Dr. Chithra S IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ശ്രീ കെ കെ ചന്ദ്രദാസൻ - അന്യത്ര സേവന കാലാവധി പൂർത്തികരിച്ച്- മാതൃ വകുപ്പിലേക്ക് പുനപ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

പരാമർശം: 1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.04.2025 തീയതിയിലെ 213/E1/2024/KSHO നമ്പർ ഉത്തരവ്

2) ശ്രീ കെ കെ ചന്ദ്രദാസൻ 19.04.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ LSGD/PD/12539/2025-DEA3 തീയതി: 08-05-2025**

പാലക്കാട്ട് കുടുംബശ്രീ ജില്ലാ മിഷൻ ആഫീസിൽ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന പാലക്കാട്ട് ജില്ലയിലെ മാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ കെ. കെ. ചന്ദ്രദാസൻ അന്യത്ര സേവനകാലാവധി അവസാനിച്ചതിനാൽ ടിയാനെ പാലക്കാട്ട് കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ തസ്തികയിൽ നിന്നും 18-04-2025 തീയതിയിൽ വിടുതൽചെയ്തു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീ കെ. കെ. ചന്ദ്രദാസൻറെ അന്യത്രസേവന കാലാവധി അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ കെ. കെ. ചന്ദ്രദാസനെ പാലക്കാട്ട് ജില്ലയിൽ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി/സീനിയർ സെക്രട്ടറി തസ്തികയിൽ ഗ്രമപഞ്ചായത്ത് സെക്രട്ടറിയായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതത് ഓഫീസ് മേലധികാരികളും ടി ഉത്തരവ് ഉടനടി പ്രബല്യത്തിൽ വരുത്തേണ്ടതും വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്:
1. വ്യക്തിയ്ക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, പാലക്കാട്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Chithra S
Date: 08-05-2025 17:05:14